(സി) യാത്രക്കാരിൽനിന്നും പിരിക്കുന്ന സെസ്സ് പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കുന്നുണ്ടോ ;

(ഡി) ഈ തീരുമാനംവഴി ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ സ്വകാര്യ ബസുകാരും കെ.എസ്.ആർ.ടി.സി.-യും തമ്മിലുണ്ടാകുന്ന വ്യത്യാസം, സ്വകാര്യ വാഹനങ്ങളെ സഹായിക്കുന്നതും, കെ.എസ്.ആർ.ടി.സി.-യുടെ മത്സരക്ഷമത ഇല്ലാതാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക് യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾമൂലം ഉണ്ടാകുന്ന ആശുപത്രി ചെലവുകൾ, അടിയന്തര സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ്സ് സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) സാമൂഹിക സുരക്ഷാ സെസ്സ് ഇനത്തിൽ പ്രതിവർഷം 150 കോടി രൂപ സമാഹരിക്കാമെന്നാണ് കരുതുന്നത്.

(സി) സെസ്സ് തുകയുടെ ഒരു ഭാഗം പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതുകൊണ്ടും നവീകരിച്ച ബസ് സ്റ്റേഷനുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടും കെ.എസ്.ആർ.ടി.സി.-യുടെ മത്സരക്ഷമത ഇല്ലാതാകുമെന്ന് കരുതുന്നില്ല.

കെ.എസ്.ആർ.ടി.സി. ടിക്കറ്റിൽ സെസ്സ്

328 (2203) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ടിക്കറ്റിൽ സെസ്സ് ഏർപ്പെടുത്തിയതുവഴി ഇതുവരെ എന്ത് തുകയാണ് പിരിച്ചെടുക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

റോഡ് ട്രാൻസ്പോർട്ട് ആക്ടനുസരിച്ചുള്ള എം.എ.സി.ടി. സെസ്സ് ഏർപ്പെടുത്തിയ 6-4-2007 മുതൽ 30-11-2014 വരെ 42,33,48,915 രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly